2025 MARCH
19
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സുനിതാ വില്യംസും സംഘവും സുരക്ഷിതമായി ഭൂമിയിലേക്കെത്തി

## മാസങ്ങൾ നീണ്ട ദൗത്യത്തിൽ അഭിമാനത്തോടെ നാസ

**ഫ്ളോറിഡ:** ഒൻപത് മാസത്തിലധികം നീണ്ട ബഹിരാകാശജീവിതം അവസാനിപ്പിച്ച് സുനിത വില്യംസും ബുച്ച് വിൽമോറും സുരക്ഷിതരായി ഭൂമിയിലെത്തി. ഇന്ത്യൻസമയം ബുധനാഴ്ച പുലർച്ചെ 3.27നാണ് നാല് ബഹിരാകാശ യാത്രികരുമായി ഡ്രാഗൺ പേടകം മെക്സിക്കോ ഉൾക്കടലിൽ ലാൻഡ് ചെയ്തത്. തുടർന്ന് സ്പേസ് റിക്കവറി കപ്പൽ പേടകത്തിനരികിലേക്കെത്തി നാല് ബഹിരാകാശ സഞ്ചാരികളെയും പേടകത്തിന് പുറത്തെത്തിച്ചു.



ഒരുനിമിഷം നിവർന്നുനിൽക്കാൻ അനുവദിച്ച ശേഷമാണ് നാലുപേരെയും സ്ട്രെച്ചറിൽ കപ്പലിലേക്ക് മാറ്റിയത്. ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലെ മാസങ്ങൾ നീണ്ട ദൗത്യത്തിനു ശേഷം സുനിത വില്യംസ്, ബച്ച്, നിക്ക്, അലക്സാണ്ട!ർ എന്നിവർ തിരിച്ചെത്തിയതിൽ ഞങ്ങൾ അത്യന്തം സന്തോഷവാന്മാരാണെന്ന് നാസ. പ്രസിഡന്റ് ട്രംപിന്റെ നിർദ്ദേശപ്രകാരം നാസയും സ്പേസ് എക്സും ഒറ്റക്കെട്ടായി പ്രവർത്തിച്ച് ദൗത്യം ഒരു മാസം മുന്നേ പൂർത്തിയാക്കുകയായിരുന്നു എന്ന് നാസ ആക്ടിംഗ് അഡ്മിനിസ്ട്രേറ്റർ ജാനെറ്റ് പെട്രോ പറഞ്ഞു.

ട്രംപിന്റെ വെല്ലുവിളി ഏറ്റെടുത്ത് രണ്ട് ടീമും ഒരുമിച്ച് യാത്രികരെ വീട്ടിലേക്കെത്തിക്കാൻ തീരുമാനിക്കുകയായിരുന്നു. കൃത്യമായ തയ്യാറെടുപ്പും അർപ്പണബോധവും പരിശ്രമവും കൊണ്ട്, ഭൂമിയുടെയും ചന്ദ്രന്റെയും ചൊവ്വയുടെയും അതിർനരന്പുകൾ ഭേദിച്ച് മുഴുവൻ മനുഷ്യരാശിക്കും വേണ്ടി നമ്മൾ ഒരുമിച്ച് മുന്നോട്ട് പോകുകയാണ് എന്നും പെട്രോ കൂട്ടിച്ചേർത്തു.സഹ ബഹിരാകാശയാത്രികൻ ബുച്ച് വിൽമോറിനൊപ്പം എട്ട് ദിവസത്തെ ബഹിരാകാശ ദൗത്യത്തിന് പോയ ബഹിരാകാശയാത്രികയ്ക്ക്, അവർ ബഹിരാകാശത്തേക്ക് പൈലറ്റ് ചെയ്ത സ്റ്റാർലൈനർ ബഹിരാകാശ പേടകത്തിന് ഒന്നിലധികം സാങ്കേതിക തകരാറുകൾ ഉണ്ടായതിനെത്തുടർന്ന് ഒമ്പത് മാസത്തേക്ക് പൂജ്യം ഗുരുത്വാകർഷണത്തിൽ തുടരേണ്ടി വന്നു.

# കെ.പി.ഐ.ടി. ടെക്നോളജീസുമായി ബി.പി.സി.എൽ സഹകരിക്കും

**കൊച്ചിക്കും തിരുവനന്തപുരത്തിനും ഇടയിൽ ഹൈഡ്രജൻ ഫ്യുവൽ സെൽ ഇലക്ട്രിക് ബസുകൾ ആരംഭിക്കും**



**കൊച്ചി:** കേരളത്തിൽ ഹൈഡ്രജൻ അധിഷ്ഠിത മൊബിലിറ്റി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ( ബി.പി.സി.എൽ.) കെപിഐടി ടെക്നോളജീസുമായി സഹകരിക്കുന്നു. കൊച്ചിയിൽ നടന്ന ആഗോള ഹൈഡ്രജൻ ആൻഡ് റിന്യൂവബിൾ എനർജി ഉച്ചകോടിയിൽ ബി.പി.സി.എല്ലിന്റെ പുനരുപയോഗ ഊർജ്ജ ബിസിനസ് മേധാവി രഞ്ജൻ നായരും കെ.പി.ഐ.ടി. ടെക്നോളജീസ് ചെയർമാൻ രവി പണ്ഡിറ്റും ധാരണാപത്രത്തിൽ ഒപ്പുവച്ചു. സംസ്ഥാന സർക്കാരിന്റെ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, കേന്ദ്ര സർക്കാരിന്റെ എം.എൻ.ആർ.ഇ. മുൻ സെക്രട്ടറി ഭൂപീന്ദർ സിംഗ് ഭല്ല, ഐ.എ.എസ്., സി.ജി.എം. (ആർ & ഡി) ഡോ. ഭരത് എൽ. നെവാൾക്കർ, പ്രോജക്ട് ഹെഡ് (റിന്യൂവബിൾ എനർജി) ഡി. ഡി. സർക്കാർ, കേരള സംസ്ഥാന ഗവൺമെന്റിലെയും കേന്ദ്ര ഗവൺമെന്റിലെയും മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.ഹൈഡ്രജൻ അധിഷ്ഠിത മൊബിലിറ്റിയാണ് സുസ്ഥിര ഗതാഗതത്തിന്റെ ഭാവി. ഈ പങ്കാളിത്തത്തിലൂടെ, ഇന്ത്യയിൽ ഒരു ഹൈഡ്രജൻ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലേക്ക് ഞങ്ങൾ ശക്തമായ മുന്നേറ്റം നടത്തും. കൂടാതെ, പൊതുഗതാഗതത്തിന് പ്രാദേശികമായി വികസിപ്പിച്ചെടുത്ത പരിഹാരങ്ങൾ നൽകുകയും ചെയ്യുമെന്ന് ബിപിസിഎൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജി. കൃഷ്ണകുമാർ പറഞ്ഞു.

ദേശീയ ഗ്രീൻ ഹൈഡ്രജൻ മിഷന്റെ ഭാഗമായ ഈ പദ്ധതിയിൽ, രണ്ട് നഗരങ്ങൾക്കിടയിലുള്ള പൈലറ്റ് മൊബിലിറ്റി പദ്ധതികളെ പിന്തുണയ്ക്കുന്നതിനായി കൊച്ചിയിലും തിരുവനന്തപുരത്തും ഹൈഡ്രജൻ റീഫ്യൂവലിംഗ് സ്റ്റേഷനുകൾ (എച്ച്.ആർ.എസ്.) സ്ഥാപിക്കും. ഹൈഡ്രജൻ ഉൽപാദനത്തിനായി പ്രാദേശികമായി ആൽക്കലൈൻ ഇലക്ട്രോലൈസർ വികസിപ്പിക്കാനാണ് ബിപിസിഎൽ പദ്ധതിയിടുന്നത്. കൂടാതെ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത ഇന്ധന സെൽപവർ ബസ് കെപിഐടി ടെക്നോളജീസ് സംഭാവന ചെയ്യും.

# താൽക്കാലിക വെടിനിർത്തലിന് വഴങ്ങി പുട്ടിൻ; യുക്രെയ്നുള്ള സഹായം നിർത്തണമെന്നും ആവശ്യം

**വാഷിങ്ടൻ:** യുക്രെയ്ൻ യുദ്ധത്തിൽ താൽക്കാലിക വെടിനിർത്തലിനു സമ്മതവുമായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ. യുക്രെയ്ന്റെ ഊർജോത്പാദന കേന്ദ്രങ്ങളെ ലക്ഷ്യമിടുന്നത് താൽക്കാലികമായി നിർത്തിവയ്ക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായുള്ള ഫോൺ സംഭാഷണത്തിൽ ധാരണയായി. 30 ദിവസത്തെ പൂർണ വെടിനിർത്തലെന്ന ട്രംപിന്റെ ആവശ്യം പുട്ടിൻ നിരാകരിച്ചു. യുക്രെയ്നുള്ള സൈനിക സഹായം പാശ്ചാത്യ രാജ്യങ്ങൾ പൂർണമായി നിർത്തിയശേഷമേ ട്രംപിന്റെ പദ്ധതി അംഗീകരിക്കാനാകൂയെന്ന് പുട്ടിൻ നിലപാടെടുത്തു. ട്രംപിന്റെ പദ്ധതി കഴിഞ്ഞയാഴ്ച യുക്രെയ്ൻ അംഗീകരിച്ചിരുന്നു.

രണ്ട് മണിക്കൂറോളമാണ് ഇരുവരും തമ്മിലുള്ള ഫോൺ സംഭാഷണം നീണ്ടതെന്നാണ് വിവരം. അതേസമയം, സമാധാനത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പാണിതെന്ന് വൈറ്റ് ഹൗസ് വിശേഷിപ്പിച്ചു. 3 വർഷമായി നീളുന്ന റഷ്യ യുക്രെയ്ൻ യുദ്ധം പൂർണ വെടിനിർത്തലിലേക്കും സമാധാന കരാറിലേക്കും നീങ്ങുമെന്നും വൈറ്റ് ഹൗസ് പ്രതീക്ഷ പ്രകടിപ്പിച്ചു. റഷ്യയും യുക്രെയ്നും തമ്മിലുള്ള ഈ ഭയാനകമായ യുദ്ധം അവസാനിപ്പിക്കാൻ ഞങ്ങൾ വേഗത്തിൽ പ്രവർത്തിക്കുമെന്ന ധാരണയോടെയാണ് ചർച്ച അവസാനിച്ചതെന്ന് ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള കരാർ സംബന്ധിച്ച് ട്രംപിന്റെ സംഘം റഷ്യയിലേയും യുക്രെയ്നിലേയും പ്രതിനിധികളെ വെവ്വേറെ സന്ദർശിച്ചുവരികയാണ്. 2024 ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ സംഘർഷം വേഗത്തിൽ അവസാനിപ്പിക്കുമെന്ന് ട്രംപ് വാഗ്ദാനം ചെയ്തിരുന്നു.



# ചന്ദന കൃഷി : സർക്കാർ നയം അട്ടിമറിക്കാൻ ഗൂഢനീക്കമെന്ന് കർഷക കൂട്ടായ്മ

**കൊച്ചി:** വയനാട്ടിൽ ചന്ദനകൃഷി തട്ടിപ്പ് എന്ന പേരിൽ ചില ദിനപത്രങ്ങളിൽ വരുന്ന വാർത്തകൾ അടിസ്ഥാന രഹിതവും ഗൂഢാലോചനയുടെ ഭാഗവുമാണെന്ന് കർഷക കൂട്ടായ്മ. 30 വർഷം മുമ്പ് നടന്ന ആട്, തേക്ക്, മാഞ്ചിയം തട്ടിപ്പിനോട് ഉപമിച്ചാണ് സ്വന്തം ഭൂമിയിൽ ചന്ദനം കൃഷി ചെയ്യുന്ന കർഷകരെ തട്ടിപ്പ്കാരായി ചിത്രീകരിച്ച് വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് വയനാട് മുള്ളംകൊല്ലി പാടിച്ചിറയിലെ ചന്ദന കർഷകരുടെ കൂട്ടായ്മയായ സാന്റൽവുഡ് ഗ്രൂപ്പ് ഫാർമേഴ്സ് വെൽഫെയർ അസ്സോസിയേഷൻ ഭാരവാഹികൾ ആരോപിച്ചു. ചന്ദന കൃഷി ജനകീയമാക്കുന്നതിന് സ്വകാര്യ മേഖലയുടെയും കർഷകരുടെയും സഹകരണം ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2024ലെ സംസ്ഥാന ബജറ്റിലും പ്രഖ്യാപനങ്ങളുണ്ട്. സർക്കാരിന്റെ ചന്ദന കൃഷി പദ്ധതികളെ അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമായാണ് ഇത്തരം വ്യാജ വാർത്തയെന്ന് സംശയിക്കുന്നതായി ഭാരവാഹികൾ പറഞ്ഞു. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റ് കമ്പനിയുടെ മോഹന വാഗ്ദാനങ്ങളിൽപ്പെട്ട് ധാരാളം പേർ വഞ്ചിക്കപ്പെടുന്നുവെന്നാണ് തങ്ങളുടെ ചന്ദന തോട്ടത്തിന്റെ ചിത്രം സഹിതം മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രം വാർത്ത പ്രസിദ്ധീകരിച്ചത്. ചന്ദന കർഷകരെയോ, അസ്സോസിയേഷൻ ഭാരവാഹികളെയോ ബന്ധപ്പെടാതെയാണ് ഇത്തരത്തിലുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചതെന്നും അസ്സോസിയേഷൻ പ്രസിഡന്റ് അനു വർക്കി, സെക്രട്ടറി ലിസിയാമ്മ സണ്ണി, ട്രഷറർ റാഫി മതിലകം, വൈസ് പ്രസിഡന്റ് അനീഷ് പറവൂർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു .



**വയനാട്ടിൽ ചന്ദനകൃഷി തട്ടിപ്പ് എന്ന പേരിൽ വരുന്ന വാർത്തകൾ അടിസ്ഥാന രഹിതമാണെന്ന് വ്യക്തമാക്കിക്കൊണ്ട് വയനാട് മുള്ളംകൊല്ലി പാടിച്ചിറയിലെ ചന്ദന കർഷകരുടെ കൂട്ടായ്മയായ സാന്റൽവുഡ് ഗ്രൂപ്പ് ഫാർമേഴ്സ് വെൽഫെയർ അസ്സോസിയേഷൻ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് അനു വർക്കി സംസാരിക്കുന്നു. വൈസ് പ്രസിഡന്റ് അനീഷ് പറവൂർ, ട്രഷറർ റാഫി മതിലകം,സെക്രട്ടറി ലിസിയാമ്മ സണ്ണി എന്നിവർ സമീപം.**

ഏതെങ്കിലും കമ്പനിയുടെ മോഹന വാഗ്ദാനങ്ങളിൽപ്പെട്ടല്ല തങ്ങൾ വയനാട്ടിൽ ഭൂമി വാങ്ങി ചന്ദന കൃഷി നടത്തുന്നത്. പത്രവാർത്തയിൽ പറയും പോലെ ആരും വഞ്ചിക്കപ്പെട്ടിട്ടില്ല. കൃഷി ഉപേക്ഷിക്കപ്പെട്ടതും തരിശായി കിടന്നിരുന്നതുമായ കരഭൂമി മൊത്തമായി വാങ്ങി പ്ലോട്ടുകളായി തിരിച്ച് മറയൂരിലെ വനം വകുപ്പിന്റെ പക്കൽ നിന്നും വാങ്ങിയ ചന്ദനക്കുരു പാകി മുളപ്പിച്ച് കൃഷിചെയ്ത ചന്ദന തോട്ടമാണ് സ്വകാര്യ കമ്പനി കർഷകർക്ക് വിൽപന നടത്തിയത്. ഇത്തരം കമ്പനികൾ നഗരങ്ങളിൽ ഭൂമി വാങ്ങി പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് അവർ നിശ്ചയിക്കുന്ന വിലയ്ക്ക് ആവശ്യക്കാർക്ക് വിൽക്കുന്നു. അതിൽ തട്ടിപ്പ് ആരും ആരോപിക്കുന്നില്ല. വയനാടിന്റെ പ്രത്യേക സാഹചര്യത്തിൽ ടൂറിസവും കൃഷിയും സമുന്നയിപ്പിച്ച് പദ്ധതികൾ അവതരിപ്പിക്കുന്ന സംരംഭകരെയാണ് സർക്കാർ വിരുദ്ധതയുടെ പേരിൽ തട്ടിപ്പുകാരായി വാർത്ത പ്രസിദ്ധീകരിക്കുന്നതെന്നും അസ്സോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

മുള്ളംകൊല്ലിയിലെ ചന്ദന തോട്ടം ഓരോ കർഷകനും നേരിൽ കണ്ട് ബോധ്യപ്പെട്ടതിന് ശേഷമാണ് കമ്പനി ആവശ്യപ്പെട്ട തുക നൽകി പ്ലോട്ട് സ്വന്തമാക്കിയതും അസ്സോസിയേഷൻ രൂപീകരിച്ച് മുന്നോട്ട് പോകുന്നതും. തോട്ടത്തിന് ചുറ്റും സുരക്ഷയ്ക്കായി കമ്പിവേലി, വൈദ്യുതി, ഓരോ കർഷകനും തന്റെ പ്ലോട്ടിലേയ്ക്ക് സ്വതന്ത്രമായി എത്താനുള്ള റോഡ്, കുടിവെള്ള സൗകര്യം, വിള ഇൻഷുറൻസ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള കൃഷിയിടത്തിന് തരിശുഭൂമിയുടെ വിലയുമായി താരതമ്യം ചെയ്യാനാവില്ലെന്ന് ഏതൊരാൾക്കും അറിയാം. കൂടുതൽ സ്വകാര്യ കമ്പനികൾ ചന്ദന കൃഷിയിലേയ്ക്ക് കടന്നുവരണമെന്നാണ് തങ്ങൾ ആഗ്രഹിക്കുന്നത്. റബ്ബർ കൃഷിയുടെ പ്രാരംഭകാലത്തും ഇത്തരത്തിൽ കർഷകരെ ആശങ്കപ്പെടുത്തി അവരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള ആസൂത്രിത നീക്കം നടന്നിരുന്നു. സർക്കാരിന്റെയും റബ്ബർ ബോർഡിന്റെയും ശക്തമായ ഇടപെടലാണ് കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയ്ക്ക് തന്നെ ശക്തമായ പിന്തുണ നൽകിയ റബ്ബർ കൃഷി വ്യാപകമാകാൻ കാരണം.

1961ലെയും 2011 ലെയും ഫോറസ്റ്റ് ആക്ട്, പിന്നീട് 2012ൽ വന്ന സാന്റൽ വുഡ് പ്രൊട്ടക്ഷൻ ബില്ലിലൂടെ സ്വകാര്യ വ്യക്തികൾക്ക് കേരളത്തിലെവിടെയും ചന്ദനം നട്ട് വളർത്താം. വനം വകുപ്പിൽ നിക്ഷിപ്തമായിരുന്ന ചന്ദന വിൽപനയിലും സർക്കാർ മാറ്റം കൊണ്ടുവന്നു. 2024 ഒക്ടോബർ 11ലെ എല്ലാ പത്രങ്ങളിലെയും മുഖ്യ വാർത്തയും അതായിരുന്നു. ചന്ദന കൃഷി പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച നയം തമിഴ്നാടും, കർണ്ണാടകയും വർഷങ്ങൾക്ക് മുന്നേ നടപ്പാക്കി. ഇതിന്റെ ചുവടുപിടിച്ചാണ് കേരള സർക്കാരും നയരൂപീകരണം നടത്തിയത്. മറയൂരിന് പുറമെ പശ്ചിമഘട്ടത്തിൽ ചന്ദനത്തിന് വളരാൻ ഏറ്റവും അനുയോജ്യമായ സ്ഥലം വയനാടാണ്. വയനാട്ടിലെ തരിശുഭൂമിയിൽ വിവിധങ്ങളായ പദ്ധതികളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും, കൂട്ടായ്മയിലൂടെയും ചന്ദന കൃഷി വ്യാപകമാക്കുന്നതിനുള്ള കർഷകരുടെ ശ്രമത്തെയാണ് ചില തൽപ്പരകക്ഷികൾ തുരങ്കം വയ്ക്കുന്നത്.

പൊതുജനങ്ങൾക്ക് ചന്ദനത്തിന്റെ സാധ്യതകളെക്കുറിച്ചും ചന്ദനകൃഷിയെക്കുറിച്ചും ആധികാരികമായി അറിവ് ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ്, ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ചിന്റെ കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസേർച്ച് ആന്റ് എഡ്യൂക്കേഷനും ബ്ലാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസ് ആന്റ് ടെക്നോളജിയും ചേർന്ന് സാന്റൽ വുഡ് ഇൻഫോർമേഷൻ സിസ്റ്റം എന്ന വെബ്സൈറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മലയാളത്തിലെ ദിനപത്രങ്ങളിലും, കാർഷിക മാസികകളിലും പ്രസിദ്ധീകരിച്ച ചന്ദന കർഷകരുടെ ഫീച്ചറുകളിലൂടെയും ലഭിച്ച അറിവിന്റെ കൂടി അടിസ്ഥാനത്തിലാണ് കൃഷിയിൽ താൽപര്യമുള്ള കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ വയനാട്ടിൽ ചന്ദനകൃഷി ആരംഭിച്ചത്. വയനാട്ടിൽ ചന്ദന കൃഷി വ്യാപകമാക്കുന്നതിന് പദ്ധതികൾ അവതരിപ്പിക്കുന്ന ആരുമായും സഹകരിക്കാൻ തങ്ങൾ തയ്യാറാണെന്നും ചന്ദന കൃഷി വിരുദ്ധരിൽ നിന്നും തങ്ങളുടെ തോട്ടത്തിന് മതിയായ സുരക്ഷയും സംരക്ഷണവും സർക്കാർ നൽകണമെന്നും സാന്റൽവുഡ് ഗ്രൂപ്പ് ഫാർമേഴ്സ് വെൽഫെയർ അസ്സോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി.

## ആദിവാസികളുടെ ആരോഗ്യ സംരക്ഷണം: സമാശ്വാസം ടെലിമെഡിസിൻ പദ്ധതിയുമായി അമൃത ആശുപത്രി

**കൊച്ചി :** സംസ്ഥാനത്തെ ആദിവാസികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി അമൃത ആശുപത്രി നടപ്പാക്കുന്ന ടെലിമെഡിസിൻ പദ്ധതിയായ 'സമാശ്വാസം' പദ്ധതിക്ക് തുടക്കമായി. ആധുനിക ചികിത്സ സംവിധാനങ്ങൾ കുറവുള്ള വയനാട്ടിലെ മുട്ടിലും, വള്ളിയൂർക്കാവിലും നടപ്പാക്കി തുടങ്ങിയ പദ്ധതി ആദിവാസി വിഭാഗങ്ങൾ കൂടുതലായുള്ള സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ദീർഘകാല ശ്വാസകോശ രോഗങ്ങൾ കണ്ടെത്തി ചികിത്സിക്കുക എന്നതാണ് സമാശ്വാസം പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ വനവാസികൾക്കിടയിലുള്ള ക്ഷയരോഗമടക്കം കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനൊപ്പം ശ്വാസകോശ പുനരധിവാസ ചികിത്സയും പുകയില ഉപയോഗ നിയന്ത്രണ ചികിത്സയും പദ്ധതിയുടെ ലക്ഷ്യമാണ്. ശ്വാസകോശ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാൻ പ്രാണധാര എന്ന ടെലിമെഡിസിൻ യോഗയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

ഇസ്രോയുമായി സഹകരിച്ച് മുമ്പ് നടപ്പാക്കിയ ടെലിമെഡിസിൻ പദ്ധതി കൂടുതൽ സാങ്കേതിക തികവോടെയാണ് ഇപ്പോൾ അമൃത ആശുപത്രി നടപ്പാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം കൊച്ചി അമൃത ആശുപത്രി ടെലിമെഡിസിൽ വകുപ്പ് മേധാവിയും അമൃത വിശ്വ വിദ്യാപീഠം അസോസിയേറ്റ് ഡീനുമായ ഡോ. ഡി. എം. വാസുദേവൻ നിർവ്വഹിച്ചു.



ബ്രഹ്മചാരിണി ദീക്ഷിതാമൃത ചൈതന്യ അനുഗ്രഹ പ്രഭാഷണം നടത്തി. സമാശ്വാസം പ്രോജക്റ്റ് ലീഡ് ഡോ. അഖിലേഷ് പദ്ധതി വിശദീകരിച്ചു. കൊച്ചി അമൃത ആശുപത്രി അഡീഷ്ണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. വി. ബീന, അമൃത സ്കൂൾ ഓഫ് മെഡിസിൻ വൈസ് പ്രിൻസിപ്പൽ ഡോ. ആനന്ദ് കുമാർ, ഡോ. സി. ശ്രീകുമാർ, ഡോ. സിബി ഗോപിനാഥ്, ഡോ. വിവേക് നമ്പ്യാർ, ഡോ. അസ്മിത മെഹ്ത, ഡോ, ഉണ്ണികൃഷ്ണൻ, ഡോ. മുരളി ദാമോദർ, ഡോ. ശിവകുമാർ, ഡോ. മംഗളാനന്ദൻ ടി. എസ് , ഡോ. കണ്ണോത്ത് ശ്രീകുമാർ, ഡോ. പ്രീതി, എം. വി. രജീഷ് തുടങ്ങിയവർ പങ്കെടുത്തു.

## രോഗപ്രതിരോധശേഷി വർധിപ്പിക്കുന്ന ഭക്ഷണക്രമം വേണം

**കൊച്ചി:** കാലാവസ്ഥ മാറുന്നതിനനുസരിച്ച്, രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും മികച്ച ആരോഗ്യം നിലനിർത്തുന്നതിനും ആരോഗ്യകരവും സമതുലിതവുമായ ഭക്ഷണക്രമം നിലനിർത്തേണ്ടത് അത്യാവശ്യമാണെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി.



സീസണൽ പഴങ്ങൾ, പച്ചക്കറികൾ, ബദാം തുടങ്ങിയ പ്രകൃതിദത്ത ഭക്ഷണങ്ങൾ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ശരീരത്തിൽ അണുബാധകളെ ചെറുക്കാൻ സഹായിക്കും. മുന്തിരി, ഓറഞ്ച് പോലുള്ള സിട്രസ് പഴങ്ങൾ, ചീര, മുരിങ്ങയില, മുള്ളൻ ചീര, പുതിന തുടങ്ങിയ ഇലക്കറികൾ, ബദാം, വെളുത്തുള്ളി തുടങ്ങിയവ പകർച്ചവ്യാധികളിൽ നിന്നും രോഗങ്ങളിൽ നിന്നും സംരക്ഷിക്കാൻ സഹായിക്കുന്ന ശക്തമായ പ്രതിരോധശേഷി വിഭാവനം ചെയ്യുന്ന ഭക്ഷ്യപദാർഥങ്ങളാണെന്നും അവർ കൂട്ടിച്ചേർത്തു. രോഗപ്രതിരോധ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ വിറ്റാമിൻ ഇ, സിങ്ക്, ഫോളേറ്റ്, ഇരുമ്പ് എന്നിവയുൾപ്പെടെ പതിനഞ്ച് അവശ്യ പോഷകങ്ങളുടെ സ്വാഭാവിക ഉറവിടം കൂടിയാണ് ബദാം. ദിവസവും ഒരു പിടി ബദാം കഴിക്കുകയോ പ്രഭാതഭക്ഷണത്തിൽ ചേർക്കുകയോ ചെയ്യുന്നത് പോഷകസമൃദ്ധമായ ഉത്തേജനം നൽകും. പതിവ് ബദാം ഉപഭോഗം പ്രതിരോധശേഷിയെ പിന്തുണയ്ക്കുന്നുവെന്നാണ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ പോലും അഭിപ്രായപ്പെടുന്നത്. ആരോഗ്യം നിലനിർത്താനുള്ള ലളിതവും എന്നാൽ ഫലപ്രദവുമായ മാർഗവും കൂടിയാണ് ബദാം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതെന്നും അവർ കൂട്ടിച്ചേർത്തു.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കലക്ടറേറ്റ് മാർച്ചും ഉപരോധസമരവും ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു. ജോസ് കുര്യാക്കോസ്,ജയാപീറ്റർ, പി.എ കബീർ, ടി.പി ഹസനാർ, എ.ജെ റിയാസ്, പി.സി ജേക്കബ്ബ്, എം.സി പോൾസൺ, സി.എസ് അജ്മൽ, ജിമ്മി ചക്യത്ത്, ഷിജു സെബാസ്റ്റ്യൻ തുടങ്ങിയവർ മുൻനിരയിൽ

# മന്ത്രിയെ പുറത്താക്കണം: ഏകോപനസമിതി

കൊച്ചി: കേരളത്തിലെ തദ്ദേശവകുപ്പ് മന്ത്രി എം.ബി രാജേഷ് കോർപ്പറേറ്റുകളുടെ ഏജന്റായി പ്രവർത്തിക്കുകയാണെന്നും അദ്ദേഹത്തെ മന്ത്രിസഭയിൽ നിന്നും പുറത്താക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ തയ്യാറാകണമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു.

തൊഴിൽക്കരത്തിന്റെയും ലൈസൻസ് ഫീസിന്റെയും അന്യായമായ വർധനവിനും ഉദ്യോഗസ്ഥ മാഫിയയ്ക്കും എതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കലക്ടറേറ്റ് മാർച്ചും ഉപരോധസമരവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ചെറുകിട, ഇടത്തരം വ്യാപാരികളെ തുടച്ചുനീക്കുകയെന്ന ലക്ഷ്യത്തോടെ കോർപ്പറേറ്റുകൾക്ക് കുടപിടിക്കുന്ന സമീപനമാണ് തദ്ദേശവകുപ്പ് മന്ത്രി സ്വീകരിക്കുന്നത്. വ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങളുടെ 75 ശതമാനവും പിൻവലിക്കാൻ പ്രധാനമന്ത്രി വരെ തയ്യാറായി. ഒരു ദിവസം 66 രൂപ മാത്രം വരുമാനമുള്ള ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ചെറുകിട കച്ചവടക്കാർ അവർ അടച്ചുകൊണ്ടിരുന്ന നികുതി 166 ശതമാനം വർധിപ്പിച്ച് അടയ്ക്കണമെന്നാണ് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത വിധം കേരളത്തിലെ തദ്ദേശവകുപ്പ് മന്ത്രി തീരുമാനിച്ചിരിക്കുന്നത്.

പാവപ്പെട്ട ചെറുകിട വ്യാപാരികളുടെ കഞ്ഞിയിൽ മണ്ണുവാരിയിടുന്ന സമീപനമാണ് ഇത്. എം.ബി രാജേഷ് തദ്ദേശ വകുപ്പിന്റെ മന്ത്രിയായ അന്നു മുതൽ അദ്ദേഹം കേളത്തിലെ ചെറുകിട വ്യാപാരികളെ തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടു പോകുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും രാജു അപ്സര വ്യക്തമാക്കി. ചർച്ചയിലെടുക്കുന്ന തീരുമാനങ്ങളെ അട്ടിമറിയിക്കുന്ന സമീപനമാണ് മന്ത്രി സ്വീകരിക്കുന്നത്.

വ്യാപാരി ദ്രോഹ നിയമങ്ങളും നടപടികളും പിൻവലിക്കുകയും തദ്ദേശ വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുക്കുകയും വേണം.അല്ലാത്ത പക്ഷം വകുപ്പ് മന്ത്രിയെ ഏകോപന സമിതി ബഹിഷ്ക്കരിക്കുമെന്നും രാജു അപ്സര വ്യക്തമാക്കി.

ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, ട്രഷറർ സി.എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ഫിനാൻസ് കമ്മിറ്റി ചെയർമാനും ജില്ലാ വൈസ് പ്രസിഡന്റുമായ എം. സി പോൾസൺ, കാക്കനാട് യൂണിറ്റ് പ്രസിഡന്റ് അസീസ്, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ തുടങ്ങിയവർ സംസാരിച്ചു.



# വൈക്കത്തെ മൾട്ടിപ്ലക്സ് നിർമാണം അവസാന ഘട്ടത്തിൽ

**കോട്ടയം:** വൈക്കത്തിന്റെ വെള്ളിത്തിരയിൽ 'ആളനക്ക'മുണ്ടാകാൻ അധികം കാത്തിരിക്കേണ്ട. സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ ആധുനിക സംവിധാനങ്ങളോടെ വൈക്കം ആറാട്ടുകുളങ്ങര കിളിയാട്ടുനടയിൽ നിർമിക്കുന്ന മൾട്ടിപ്ലക്സ് നിർമാണം അവസാനഘട്ടത്തിൽ.നിലവിൽ തിയറ്റർ സമുച്ചയത്തിന്റെ കെട്ടിടത്തിന്റെ ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞു. തിയറ്റർ എൻജിനീയറിംഗുമായി ബന്ധപ്പെട്ട ജോലികളാണ് ഇനി ബാക്കിയുള്ളത്. അതിന്റെ ആദ്യഘട്ടമായ സ്പീക്കർ വയറിംഗ് ജോലികൾ ടെൻഡർ ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന എൻജിനീയറിംഗ് ജോലികളുടെ ടെൻഡർ നടപടികളും ഈ മാസത്തിൽ പൂർത്തീകരിക്കും.

സീറ്റുകളും സ്ക്രീനും ഒരുക്കുന്ന തടക്കമുള്ള ജോലികൾ ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി സി.കെ. ആശ എം.എൽ.എ. പറഞ്ഞു.

കിഫ്ബിയിൽനിന്ന് അനുവദിച്ച 22.06 കോടി രൂപ വിനിയോഗിച്ച് വൈക്കം അഗ്നിരക്ഷാസേന ഓഫീസിനു സമീപം നഗരസഭ വിട്ടുനൽകിയ 90 സെന്റ് സ്ഥലത്താണു തിയറ്റർ നിർമിക്കുന്നത്. 80 സെന്റ് തിയറ്റർ സമുച്ചയത്തിനും 10 സെന്റ് റോഡിനുമാണു സ്ഥലം നൽകിയിരിക്കുന്നത്. 30 വർഷത്തേക്കാണു സ്ഥലം കൈമാറിയിരിക്കുന്നത്.

പുതിയ തിയറ്റർ സമുച്ചയത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 222 സീറ്റുകൾ വീതമുള്ള രണ്ടുസ്ക്രീനുകളാണ് ക്രമീകരിക്കുന്നത്. തിയറ്ററിലെ വിവിധ ആവശ്യങ്ങൾക്കായി ജലം സംഭരിക്കാനായി മുൻവശത്ത് ആഴത്തിൽ കുഴിയെടുത്ത് കൂറ്റൻ ജലസംഭരണിയും നിർമിക്കുന്നുണ്ട്.

## പ്രൊപ്പോസൽ ക്ഷണിച്ചു

**തിരുവനന്തപുരം:** റൂസ സംസ്ഥാന പദ്ധതി കാര്യാലയത്തിനു കീഴിൽ നടപ്പിലാക്കുന്ന വയനാട് മോഡൽ ഡിഗ്രി കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ പ്രാഥമിക ഡോക്യുമെന്റേഷൻ നടപടികൾ നിർവഹിക്കുന്നതിനായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പിഎംസി മാതൃകയിൽ പ്രൊപ്പോസലുകൾ ക്ഷണിച്ചു. മോഡൽ ഡിഗ്രി കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡിപിആർ, ബിൽഡിങ് പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയുൾപ്പെടെയുള്ള രേഖകൾ തയ്യാറാക്കുന്ന ജോലികൾക്കായാണ് പ്രൊപ്പോസൽ ക്ഷണിച്ചത്. വിശദാംശങ്ങൾ അടങ്ങിയ ഡോക്യുമെന്റ് മാർച്ച് 24 ന് വൈകിട്ട് 5 മണി വരെ സ്റ്റേറ്റ് പ്രോജക്ട് കോഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, കേരള യൂണിവേഴ്സിറ്റി പി.ഒ, പാളയം, തിരുവനന്തപുരം 69034 എന്ന വിലാസത്തിൽ നേരിട്ട് ലഭിക്കും. പൂരിപ്പിച്ച പ്രൊപ്പോസലുകൾ ഏപ്രിൽ 10 ന് വൈകിട്ട് 5 മണി വരെ സ്വീകരിക്കും. ഫോൺ: 04712303036.

## അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഒഴിവ്

**കണ്ണൂർ:** സെൻട്രൽ പ്രിസൺ കറക്ഷണൽ ഹോമിലേക്ക് മാനസികാസ്വാസ്ഥ്യമുള്ള തടവുകാരെ നിരീക്ഷിക്കുന്നതിന് അസി. പ്രിസൺ ഓഫീസറുടെ ഒരു ഒഴിവുണ്ട്. 55 വയസ്സിൽ താഴെയുള്ള വിമുക്തഭടന്മാർക്ക് അപേക്ഷിക്കാം. മെഡിക്കൽ കാറ്റഗറി ഷെയ്പ്ഒന്ന് വിഭാഗത്തിൽ ഉള്ളവരായിരിക്കണം. താൽപര്യമുള്ളവർ ജില്ലാ സൈനികക്ഷേമ ഓഫീസിൽ രജിസ്റ്റർ ചെയ്ത എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പും, വിമുക്തഭട ഐഡന്റിറ്റി കാർഡിന്റെ പകർപ്പും സഹിതം മാർച്ച് 20 ന് വൈകിട്ട് അഞ്ചിനകം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ നം. 0497 2700069.

## കാലാവധി നീട്ടി

**കണ്ണൂർ:** കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മുൻകാലങ്ങളിൽ ഖനനം ചെയ്തു നീക്കിയ ധാതുക്കൾക്കുള്ള കുടിശ്ശികകൾ ഒടുക്കുന്നതിനും അപ്രകാരം കുറ്റം രാജിയാക്കുന്നതിലേക്കുമായുള്ള അദാലത്തിന്റെ കാലാവധി 2025 മാർച്ച് 31 വരെ നീട്ടിയതായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ജിയോളജിസ്റ്റ് അറിയിച്ചു. അദാലത്തുമായി ബന്ധപ്പെട്ട് 2023 ആഗസ്റ്റ് 25ന് ഉത്തരവ് ഇറക്കിയിരുന്നു. ഇതിന്റെ കാലാവധി 2024 മാർച്ച് 31 വരെ ആയിരുന്നു. ഇതേതുടർന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചാണ് കാലാവധി നീട്ടി 2025 ഫെബ്രുവരി 28ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇനി ഈ ആവശ്യത്തിലേക്കായി കാലാവധി നീട്ടില്ലെന്നും അറിയിച്ചു.

## ജോബ് ഫെയർ സംഘടിപ്പിച്ചു

**മലപ്പുറം:** സംസ്ഥാന സർക്കാർ 'വിജ്ഞാന കേരളം' പദ്ധതിയുടെ ഭാഗമായി അസാപ് കേരളയുടെ പാണ്ടിക്കാട് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ജോബ് ഫെയർ സംഘടിപ്പിച്ചു. പാണ്ടിക്കാട് പഞ്ചായത്ത് പ്രസിഡന്റ് റമീഷ ഉദ്ഘാടനം ചെയ്തു. പാണ്ടിക്കാട് പഞ്ചായത്ത് മെമ്പർ മജീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. അസാപ് കേരള അസ്സോസിയേറ്റ് ഡയറക്ടർ കെ.വി രാകേഷ് സ്വാഗതവും അസാപ് കേരള സി.എസ്.പി പാണ്ടിക്കാട് എക്സിക്യൂട്ടീവ് ടി.ടി അഷിത നന്ദിയും പറഞ്ഞു.പ്രമുഖ കമ്പനികളായ പി.കെ.എം ഹോസ്പിറ്റൽ, മുത്തൂറ്റ് മൈക്രോ ഫിനാൻസ്, എച്ച്.ഡി.എഫ്.സി ലൈഫ്, ട്രിനിറ്റി സ്കിൽ വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, ടോട്ടൽ ഇൻഷുറൻസ് സൊല്യൂഷൻ തുടങ്ങിയ കമ്പനികൾ പങ്കെടുത്ത ജോബ് ഡ്രൈവിൽ നൂറോളം തൊഴിൽ അവസരങ്ങൾ ലഭ്യമായി.

## ന്യൂട്രിഷൻ ഇന്റർവെൻഷൻ പ്രോഗ്രാം സംഘടിപ്പിച്ചു

**പാലക്കാട്:** ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും സംസ്ഥാന പോഷകാഹാര കാര്യാലയത്തിന്റെയും ആഭിമുഖ്യത്തിൽ ഷോളയൂരിലെ വിവിധ ഉന്നതികളിൽ ഉള്ളവർക്കായി ന്യൂട്രിഷൻ ഇന്റർവെൻഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. പോഷകാഹാരം കഴിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ചും അട്ടപ്പാടിയിലെ ഗോത്ര വിഭാഗത്തിന്റെ പരമ്പരാഗത ആഹാര രീതിയെക്കുറിച്ചും തെറ്റായ ആരോഗ്യ ശീലങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും എകദിന സെമിനാർ സംഘടിപ്പിച്ചു.

ഇതോടൊപ്പം തനത് നാണ്യ വിളകളുടെയും പോഷകഹാരങ്ങളുടെയും പ്രദർശനവും ഉണ്ടായിരുന്നു. മെഡിക്കൽ ഓഫീസർ ഡോ. ബിനോയ് ബാബു ഗർഭകാല പരിചരണം എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ന്യൂട്രിഷൻ ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി 75 പേർക്കായി റാഗി, എള്ള്, കടല മിഠായി, ഈന്തപ്പഴം എന്നിവ ഉൾപ്പെടുന്ന സൗജന്യ പോഷകാഹാര കിറ്റുകളും വിതരണം ചെയ്തു.

ഐ.സി.ഡി.എസ് .സൂപ്പർവൈസർ സുജ ഐ. സി. ഡി..എസിന്റെ വിവിധ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് എടുത്തു. ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്ന പരിപാടി അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷൻ സനോജ് ഉദ്ഘാടനം ചെയ്തു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് അംഗം ഷാജു പെട്ടിക്കൽ അധ്യക്ഷത വഹിച്ചു. ഷോളയൂർ ഹെൽത്ത് ഇൻസ്പെക്ടർ എസ്.എസ് കാളിസ്വാമി, അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രം ന്യൂട്രീഷ്യനിസ്റ്റമാരായ വി.മുർഷിദ്, ശുഭാ ദേവി, ന്യൂട്രീഷൻ ഹെൽത്ത് ഇൻസ്പെക്ടർ വി.എസ് സൂരജ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ആശ വർക്കർമാർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വിളവെടുപ്പിന് തയാറായ പാടശേഖരത്തിൽ വെള്ളക്കെട്ട്, കർഷകർ ദുരിതത്തിൽ

**കോടാലി:** മാങ്കുറ്റിപ്പാടത്ത് വിളവെടുപ്പിനു പാകമായ പാടശേഖരത്തിൽ വെള്ളം കെട്ടിനിൽക്കുന്നത് നെൽ കർഷകർക്ക് ദുരിതമായി. മറ്റത്തൂർ പഞ്ചായത്തിലെ മാങ്കുറ്റിപ്പാടം പാടശേഖരസമിതിക്കു കീഴിലുള്ള മുണ്ടകൻപാടങ്ങളിലാണ് വെള്ളം കെട്ടിനിൽക്കുന്നത്.

17 പാടശേഖരങ്ങളുള്ള മറ്റത്തൂർ കൃഷിഭവൻ പരിധിയിൽ ഇറിഗേഷൻ കനാലിൽ നിന്നുള്ള വെള്ളത്തെ മാത്രം ആശ്രയിച്ചുകൃഷിയിറക്കുന്ന പാടശേഖരമാണ് മാങ്കുറ്റിപ്പാടം. നേരത്തെ ആണ്ടിൽ മൂന്നുവട്ടം നെൽകൃഷി ചെയ്തുവന്നിരുന്ന ഇവിടെ കഴിഞ്ഞ കുറേ വർഷങ്ങളായി മുണ്ടകൻ വിള മാത്രമാണ് ഇറക്കുന്നത്. ഇത്തവണ വെള്ളപൊന്മണി വിത്തുപയോഗിച്ചാണ് ഇവിടത്തെ കർഷകർ മുണ്ടകൻ വിളയിറക്കിയത്.

സമയബന്ധിതമായി കനാൽവെള്ളം ലഭിച്ചതിനാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് മികച്ച വിളവാണ് ഇക്കുറി കർഷകർ പ്രതീക്ഷിക്കുന്നത്. എന്നാൽ കൊയ്ത്തിനുപാകമായ നെൽക്കണ്ടങ്ങളിലേക്ക് കനാൽവെള്ളം എത്തിയതും കഴിഞ്ഞദിവസം പെയ്ത ശക്തമായ മഴയും കർഷകരുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുകയാണെന്ന് പഞ്ചായത്ത് അംഗവും പാടശേഖര സമിതി സെക്രട്ടറിയുമായ ശിവരാമൻ പോതിയിൽ പറഞ്ഞു.

വിളഞ്ഞുപാകമായ പാടശേഖരത്തിലേക്ക് വെള്ളം ആവശ്യമില്ലെങ്കിലും മറ്റത്തൂർ കനാലിൻറെ തകരാറിലായ സ്പൗട്ടുകൾ വഴിയും ഉറവ വഴിയും സമീപത്തെ കല്ലൻകുഴി തോട്ടിലേക്ക് വെള്ളമെത്തിയതാണ് പാടത്തേക്ക് വെള്ളം കയറാൻ കരണമായത്.

ഈ മാസം 25ന് കൊയ്ത്ത് തുടങ്ങേണ്ട പാടത്ത് നെൽച്ചെടികളെല്ലാം വെള്ളത്തിലാണ് നിൽക്കുന്നത്. പാടത്ത് വെള്ളമുണ്ടെങ്കിൽ കൊയ്ത്തുയന്ത്രമിറക്കാൻ ബുദ്ധിമുട്ടുനേരിടും. ചെളിയിലിയിറങ്ങി കൊയത്തുനടത്തിയാൽ തന്നെ വൈക്കാൽ നശിച്ചുപോകാനും ഇടവരുമെന്ന് കർഷകർ പറയുന്നു. കഴിഞ്ഞ ദിവസം മഴ ശക്തമായി പെയ്തതതിനെ തുടർന്ന് പാടശേഖരത്തിലെ ചില ഭാഗങ്ങളിൽ നെല്ല് വെള്ളത്തിൽ വീണു കിടക്കുകയാണ്. പാടത്തെവെള്ളം വറ്റിപ്പോയില്ലെങ്കിൽ വീണു കിടക്കുന്ന നെൽക്കതിരുകൾ മുഴുവൻ മുളച്ചുപോകും.

മഴ ഇനിയും പെയ്താൽ കനത്ത നാശനഷ്ടം കർഷകർക്ക് നേരിടേണ്ടി വരും. മറ്റത്തൂർകനാലിൽ വെള്ളം തുറന്നുവിടുമ്പോഴും മഴ കനത്തുപെയ്യുമ്പോഴും മാങ്കുറ്റിപ്പാടം പാടശേഖരത്തിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ ഇവിടെയുള്ള കല്ലൻകുഴി തോട് നവീകരിച്ചാൽ മതിയാകുമെന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു. അടിത്തട്ടിൽ കാടക്കണ്ണൻ ഇനത്തിലുള്ള കട്ടിയേറിയ കല്ലാണ് ഈ തോടിലുള്ളത്. മണ്ണുമാന്തി യന്ത്രം ഉപയോഗപ്പെടുത്തി തോട് താഴ്ത്തിയാൽ പാടത്തെ വെള്ളം സുഗമമായി സമീപത്തെ വലിയതോട്ടിലേക്ക് ഒഴുകിപോകും. ഇങ്ങനെ ചെയ്താൽ വരും വർഷങ്ങളിൽ കൃഷിനാശമില്ലാതെ നെൽകൃഷി ചെയ്യാനാകും. ഇതിനാവശ്യമായ പദ്ധതിക്ക് രൂപം നൽകണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.



# ക്ലബ്ബുകൾക്ക് കായികഉപകരണങ്ങൾ വിതരണം ചെയ്ത് അടിമാലി ഗ്രാമപഞ്ചായത്ത്

**അടിമാലി:** ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സ്പോർട്സ് ക്ലബ്ബുകൾക്ക് കായികഉപകരണങ്ങൾ വിതരണം ചെയ്തു. 2024 25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നര ലക്ഷം രൂപയുടെ കായിക ഉപകരണങ്ങളാണ് വിതരണം ചെയ്ത്. യുവതലമുറയെ ലഹരിയിൽ നിന്നും മുക്തമാക്കാൻ കായികമേഖലയ്ക്ക് സാധിക്കുമെന്നും ഇതിലൂടെ യുവജനതയുടെ ആരോഗ്യം കാര്യക്ഷമമാക്കി നിലനിർത്താനാകുമെന്ന ആശയം മുൻനിർത്തിയാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത്.

കാരംസ് ബോർഡ്, ഫുട്ബോൾ, ബാഡ്മിന്റൺ, ക്രിക്കറ്റ് ബോൾ, ക്രിക്കറ്റ് ബാറ്റ്, എന്നീ ഉപകരണങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള കിറ്റാണ് 17 സ്പോർട്സ് ക്ലബ്ബുകൾക്കായി വിതരണം ചെയ്തത്.

ഒരു ക്ലബിന് 6000 രൂപ വീതം വകയിരുത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിലിന്റെയും വൈസ് പ്രസിഡന്റ് അനസ് ഇബ്രാഹിമിന്റെയും നേതൃത്വത്തിലാണ് വിതരണം നടന്നത്.

അടുത്തവർഷം ക്ലബ്ബുകൾക്ക് കൂടുതൽ സൗകര്യമൊരുക്കുമെന്നും പ്രസിഡന്റ് അറിയിച്ചു.



## ഉദയനാപുരത്ത് കളിക്കളമായി

**വൈക്കം:** ഉദയാനാപുരത്തെ ഫുട്ബോൾ പ്രേമികൾക്കായി ആധുനിക നിലവാരത്തിൽ ടർഫ് ഒരുങ്ങുന്നു. സംസ്ഥാന കായിക വകുപ്പിന്റെ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിലെ അക്കരപ്പാടം ഗവൺമെൻറ് യു.പി. സ്കൂൾ ഗ്രൗണ്ടിലാണ് ടർഫ് കോർട്ട് ഒരുങ്ങുന്നത്.

48 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലുമാണ് നിർമാണം. രാജ്യാന്തര ഫുട്ബോൾ ഫെഡറേഷന്റെ(ഫിഫ) മാനദണ്ഡപ്രകാരമുള്ള വസ്തുക്കൾ ഉപയോഗിച്ചാണ് നിർമാണം. പ്രകാശത്തിനായുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതൊഴികെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്.

65 സെൻറ് സ്ഥലത്ത് സംസ്ഥാന കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും എം.എൽ.എ ഫണ്ടിൽനിന്ന് 50 ലക്ഷം രൂപയും ചെലവഴിച്ചാണ് നിർമാണം. കൂടാതെ ലൈറ്റുകൾ സജ്ജീകരിച്ചിരിക്കാനായി സി.കെ. ആശ യുടെ എം.എൽ.എ ഫണ്ടിൽനിന്ന് 10 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ടർഫ് കോർട്ടിനോട് ചേർന്ന് വോളിബോൾ, ബാഡ്മിന്റൺ എന്നിവ കളിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്.

## മഴക്കാല പൂർവ്വ ശുചീകരണം: യോഗം ചേർന്നു

**പാലക്കാട്:** പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗായി മഴക്കാല പൂർവ്വ ശൂചീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും ഫലപ്രദമായി നടപ്പിലാക്കണമെന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർദ്ദേശിച്ചു. പറളി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ചേർന്ന മഴക്കാലപൂർവ്വ ശുചീകരണം, ഉഷ്ണ തരംഗം, മാലിന്യമുക്ത നവകേരളം പ്രഖ്യാപനം എന്നിവയുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ. ജില്ലയിൽ അസാധാരണമായ രീതിയിൽ ചൂട് വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിനെ പ്രതിരോധിക്കാൻ കൃത്യമായ മുൻ കരുതലുകൾ എടുക്കുകയും ഓറഞ്ച് ബുക്ക് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ചൂട് മൂലം ജീവഹാനി ഉണ്ടാകാതിരിക്കാൻ പൊതുജനങ്ങൾക്ക് കൃത്യമായ അവബോധം നൽകണമെന്നും തദ്ദേശ സ്ഥാപന മേധാവികളോട് കളക്ടർ ആവശ്യപ്പെട്ടു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പ്രകാരം മാർച്ച് 30ന് മാലിന്യമുക്ത പ്രഖ്യാപനങ്ങൾ നടത്താൻ സജ്ജമാകണം. പാതയോരങ്ങൾ മനോഹരമായി നിലനിർത്തുന്നതിന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ വഴിയോരങ്ങളിലെ മാലിന്യകൂനകൾ നീക്കം ചെയ്യുന്നതിന് മാർച്ച് 19 നകം മാസ് ക്ലീനിങ് ഡ്രൈവ് നടത്തണമെന്നും ജില്ല കളക്ടർ നിർദ്ദേശിച്ചു.

## ഗസ്റ്റ് ലക്ചറർ നിയമനം

**പാലക്കാട്:** എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ പാലക്കാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ, ഹാർഡ്‌വെയർ, ടാലി ഗസ്റ്റ് ലക്ചറർമാരായി പരിഗണിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ലക്ചറർ നിയമനത്തിന് അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഒന്നാം ക്ലാസ് ബി ടെക് കമ്പ്യൂട്ടർ സയൻസ്/ഇൻഫർമേഷൻ ടെക്നോളജി/ എം. എസ്.സി കമ്പ്യൂട്ടർ സയൻസ്/ എം.സി.എ / പി.ജി.ഡി.സി.എ ബിരുദവും ഒരുവർഷത്തിൽ കുറയാത്ത അധ്യാപനപരിചയവും വേണം. കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് ആന്റ് നെറ്റ്വർക്കിങ്ങിന് അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഒന്നാം ക്ലാസ് ബി ടെക് കമ്പ്യൂട്ടർസയൻസ് / ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ അല്ലെങ്കിൽ ഒന്നാം ക്ലാസ് കമ്പ്യൂട്ടർ / കമ്പ്യൂട്ടർ ഹാർഡ്വെയർ/ ഇലക്ട്രോണിക്സ് കോഴ്സിലുള്ള ത്രിവത്സര ഡിപ്ലോമ യും ഒരുവർഷത്തിൽ കുറയാത്ത അധ്യാപനപരിചയവും വേണം. ടാലി ലക്ചറർ നിയമനത്തിന് ഒന്നാം ക്ലാസ് എം കോം/ബി കോം ബിരുദവും ടാലി സർട്ടിഫിക്കറ്റ് കോഴ്സ് വിജയവും പ്രസ്തുത കോഴ്സിൽ ഒരുവർഷത്തിൽ കുറയാത്ത അധ്യാപന പരിചയവും ആണ് യോഗ്യത. മാർച്ച് 22 ന് രാവിലെ 10 മണിക്ക് പാലക്കാട് എൽ.ബി.എസ് സെന്റർ ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് കൂടിക്കാഴ്ച നടക്കും. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റ, അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഹാജരാവണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0491 2527425.




# മത്സ്യമേഖലയിലെ സംരംഭസാധ്യതകൾ തുറന്നുകാട്ടി സിഫ്റ്റ് അക്വാബിസ് 2.0

**കൊച്ചി:** കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർസംഘടിപ്പിച്ചു. അഗ്രിഇന്നോവേറ്റ് ഇന്ത്യ, ഐ സി എ ആർ ഐപി ആന്റ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അക്വാബിസ് 2.0 ലക്ഷ്യമിടുന്നത്. പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ നടന്ന സെമിനാറിൽ

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ അധ്യക്ഷത വഹിച്ചു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. എൻഎഫ്ഡിബിയുടെ സംരംഭകത്വത്തിനായുള്ള ധനസഹായ ഘടനകളെക്കുറിച്ച് ഡോ. ബിജയ് കുമാർ ബെഹ്റ സെമിനാറിൽ വിശദീകരിച്ചു. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പിഎംഎംഎസ്വൈ) യും അതിന്റെ വിവിധ ഫണ്ടിംഗ് രീതികൾ, മത്സ്യകർഷകരെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള പിഎംഎംഎസ്വൈയുടെ ഉപപദ്ധതിയായ പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ യോജന (പിഎംഎംകെഎസ്എസ്വൈ), മത്സ്യകൃഷി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് ഫണ്ട് എന്നിവയെക്കുറിച്ചും (എഫ്ഐഡിഎഫ്) അദ്ദേഹം സംസാരിച്ചു.

ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന മന്ത്രാലയം മുൻ സെക്രട്ടറി ഡോ. തരുൺ ശ്രീധർ ഐഎഎസ് (റിട്ട.) ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. മത്സ്യ ഉൽപന്നങ്ങളിലെ ഏറ്റവും വലിയ മൂല്യവർദ്ധനവ് ഗുണനിലവാരമാണെന്ന് അദ്ദേഹം പറഞ്ഞു. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്.ഇ.എ.ഐ) വൈസ് പ്രസിഡന്റ് അലക്സ് നൈനാൻ വിശിഷ്ടാതിഥിയായിരുന്നു. അമിത മത്സ്യബന്ധനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുൾപ്പെടെ സമുദ്രോത്പന്ന വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികൾ അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഈ പ്രശ്നങ്ങളെ മറികടക്കുന്നതിൽ സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ പ്രാധാന്യം എത്രത്തോളമെന്ന് അദ്ദേഹം വിവരിച്ചു.ഐ സി എ ആർ സിഫ്റ്റിൽ നിന്നും പരിശീലനം ലഭിച്ച സംരംഭകരായ സിവ ഇക്കോസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും സി.ഇ.ഒയുമായ നിഖിൽ ദേവ്; ഫിഷ് ഐയുടെ സീനിയർ സെയിൽസ് മാനേജർ മുഹമ്മദ് ഷെരീഫ്; സരിൻ ഗൗർമെറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും ഡയറക്ടറുമായ സൗരവ് പി. സതീഷ് എന്നിവർ സെമിനാറിൽ തങ്ങളുടെ സംരംഭക അനുഭവങ്ങൾ പങ്കുവെച്ചു.

സി.എം.എഫ്ആർ.ഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. എ പി ദിനേശ് ബാബു , അഗ്രി ഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് സി.ഇ.ഒ ഡോ. പ്രവീൺ മാലിക്; അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം ആനന്ദ് മോഹൻ അവസ്തി; അഗ്രിഇന്നോവേറ്റ് ബിസിനസ് മാനേജർ ധ്രുവ വി.സി.; സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. സി.ഒ. മോഹൻ, ഡോ. യു. പാർവതി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

സമുദ്രോത്പന്ന വ്യവസായം നേരിടുന്ന പ്രതിസന്ധികൾ, മത്സ്യബന്ധന മേഖലയിലെ സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ, കേരള സ്റ്റാർട്ടപ്പ് മിഷ്യൻ സംരംഭങ്ങൾ, നബാർഡിന്റെ സാമ്പത്തിക സഹായ പദ്ധതികൾ, അഗ്രി ഫിനാൻസ്: എസ്ബിഐയിൽ നിന്നുള്ള അവസരങ്ങളും പിന്തുണയും, അഗ്രി ഇന്നൊവേറ്റീവ് ഇന്ത്യ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ച് വിദഗ്ദ്ധർ സദസ്യരുമായി ചർച്ച ചെയ്തു.

കൂടാതെ ഐസിഎആർ സിഫ്റ്റും വിവിധ വ്യവസായ പങ്കാളികളും തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. സ്പൈക്കൺ ബയോയിലെ രജനി രാജൻ എന്ന വനിതാ സംരംഭകയുമായി സഹകരിച്ച് സിഫ്റ്റ് വികസിപ്പിച്ചെടുത്ത നൂതന ഉൽപ്പന്നത്തിന്റെ (കുക്കീസ്) പ്രകാശനവും ചടങ്ങിൽ നടന്നു.

# സെർവിക്കൽ കാൻസർ: ആരോഗ്യ ശിൽപശാല സംഘടിപ്പിച്ച് മുത്തൂറ്റ് മൈക്രോഫിൻ

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സെർവിക്കൽ കാൻസർ അവബോധവും ആർത്തവ ആരോഗ്യവും കേന്ദ്രീകരിച്ച് ആരോഗ്യ ശിൽപ്പശാല സംഘടിപ്പിച്ചു.

ഓൺലൈൻ ആയി സംഘടിപ്പിച്ച ശിൽപശാലയിൽ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, കർണാടക, ഒഡീഷ, പശ്ചിമ ബംഗാൾ, ബിഹാർ, ഛത്തീസ്ഗഢ്, ഡൽഹി, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, മധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, പുതുച്ചേരി എന്നിവിടങ്ങളിൽ നിന്നായി 850ലധികം പേർ പങ്കെടുത്തു.

പ്രാദേശിക ഭാഷകളിൽ നടത്തിയ സെഷനുകൾ സർക്കാർ സ്ഥാപനങ്ങളിലെ പ്രമുഖ ഡോക്ടർമാർ നേതൃത്വം നൽകി. സെർവിക്കൽ കാൻസർ പ്രതിരോധം, നേരത്തെയുള്ള കണ്ടെത്തൽ, എച്ച്പിവി വാക്സി

PAPPACHAN
muthoot
MICROFIN
A Muthoot Pappachan Group Company

നേഷൻ, മെൻസ്ട്രൽ കപ്പ് ഉപയോഗത്തിന്റെ ഗുണങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചായിരുന്നു സെഷനുകൾ.മുത്തൂറ്റ് മൈക്രോഫിൻ ജീവനക്കാരുടെ ക്ഷേമത്തിനായുള്ള പ്രതിബദ്ധതയുടെ ഭാഗമായി റിലയൻസ് ജനറൽ ഇൻഷുറൻസുമായി ചേർന്ന് എല്ലാ വനിതാ ജീവനക്കാർക്കും തിരഞ്ഞെടുക്കപ്പെട്ട ലബോറട്ടറികളിലും ആശുപത്രികളിലും 70 പ്രധാന ആരോഗ്യ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന സൗജന്യ പരിശോധനകൾക്കായി മെഡിക്കൽ വൗച്ചർ നൽകും. ആരോഗ്യ സംരക്ഷണം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് ഈ പരിശോധനകൾക്കുള്ള സാമ്പിൾ ശേഖരണം ജീവനക്കാരുടെ വീടുകളിൽ നിന്ന് നേരിട്ട് നടത്തും.സ്ത്രീ ശാക്തീകരണം സാമ്പത്തിക സ്വാതന്ത്ര്യത്തിനപ്പുറം നല്ല ആരോഗ്യത്തിലും അവബോധത്തിലുമാണ് തുടങ്ങുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ വിശ്വസിക്കുന്നു. ആരോഗ്യമുള്ള ഒരു സ്ത്രീ തന്റെ കുടുംബത്തെ മാത്രമല്ല മുഴുവൻ സമൂഹത്തെയും ഉയർത്തുന്നു. ഈ നല്ല മാറ്റത്തിനായി പ്രവർത്തിക്കാൻ കഴിയുന്നതിൽ അഭിമാനിക്കുന്നുവെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.



# സീ മീഡിയ അൺവെയിലിംഗ് ഇന്ത്യ ക്വിസ്; രണ്ടും മൂന്നും സ്ഥാനം കേരളത്തിന്

**കൊച്ചി:** സീ മീഡിയ ഡിപിഐഐടിയുമായി ചേർന്ന് രാജ്യമെമ്പാടുമുള്ള വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'അൺവെയിലിംഗ് ഇന്ത്യ ക്വിസ് മത്സരത്തിൽ ജമ്മു കന്റോൺമെന്റ് ആർമി പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനം നേടി. കേരളത്തിൽ നിന്നുള്ള രാജഗിരി പബ്ലിക് സ്കൂൾ രണ്ടാം സ്ഥാനവും ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ മൂന്നാം സ്ഥാനവും നേടി. രാജ്യത്തിന്റെ സംസ്കാരത്തെയും പൈതൃകത്തെയും കുറിച്ച് സ്കൂൾ തലത്തിൽ നടത്തിയ രാജ്യത്തെ ഏറ്റവും വലിയ ക്വിസ് മത്സരമാണിതെന്ന് സംഘാടകർ അറിയിച്ചു.

മികച്ച പ്രേക്ഷക പ്രതികരണം നേടിയ അൺവെയിലിംഗ് ഇന്ത്യ ക്വിസ് ഗ്രാൻഡ് ഫിനാലെ സീ മീഡിയ ആണ് സംപ്രേക്ഷണം ചെയ്തത്. ഓൺലൈൻ ആയി ആരംഭിച്ച് സംസ്ഥാനതല റൗണ്ടുകളിലൂടെ മുന്നേറിയ മത്സരത്തിന്റെ അവസാന റൗണ്ടിൽ എട്ട് ടീമുകളാണ് പങ്കെടുത്തത്. രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് വിദ്യാർത്ഥികളെ രാജ്യത്തിന്റെ അതുല്യമായ സംസ്കാരത്തെ ആഴത്തിൽ മനസ്സിലാക്കാനും നമ്മുടെ പൈതൃകത്തെപ്പറ്റി കൂടുതൽ അറിയാനും പ്രചോദിപ്പിക്കാനാണ് ഇത്തരത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ പറഞ്ഞു.

സീ മീഡിയ, വാർത്തകളും വിവരങ്ങളും ജനങ്ങളിലേക്ക് എത്തിക്കുക മാത്രമല്ല, മെച്ചപ്പെട്ടതും കൂടുതൽ ബൗദ്ധിക നിലവാരമുള്ളതുമായ ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിലും വിശ്വസിക്കുന്നതായി സീ മീഡിയ കോർപ്പറേഷൻ ലിമിറ്റഡ് സിഇഒ കരൺ അഭിഷേക് സിംഗ് പറഞ്ഞു.അൺവെയിലിംഗ് ഇന്ത്യ ക്വിസ് ദേശീയതയുടെയും ഇന്ത്യയുടെ സാമ്പത്തികസാംസ്കാരിക വൈവിധ്യത്തെയും കുറിച്ചുള്ള അവബോധത്തെയും വളർത്തിയെടുക്കുന്നതാണെന്ന് ഡിപിഐഐടി സെക്രട്ടറി അമർദീപ് സിംഗ് ഭാട്ടിയ പറഞ്ഞു.



# റോട്ടറി ഡിസ്ട്രിക്ട് 3201 ഗവർണർ സന്ദർശനം നടത്തി

**കൊച്ചി:** റോട്ടറി ഡിസ്ട്രിക്ട് 3201 ഗവർണർ റൊട്ടേറിയൻ അഡ്വ. എ.കെ.എസ് എൻ. സുന്ദരവടിവേലു റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സിൽ സന്ദർശനം നടത്തി. ചടങ്ങിൽ ചാർട്ടർ പ്രസിഡന്റ് റൊട്ടേറിയൻ ഡോ. കെ. വി. തോമസ്, ക്ലബ് സെക്രട്ടറി റൊട്ടേറിയൻ നാൻസി ജോൺസൺ, ക്ലബ് പ്രസിഡന്റ് റൊട്ടേറിയൻ. കെ. വി. കൃഷ്ണകുമാർ, അസിസ്റ്റന്റ് ഗവർണർ റൊട്ടേറിയൻ. ഡോ. കുര്യാക്കോസ് ആന്റണി, ജിജിആർ റൊട്ടേറിയൻ ഗീവർഗീസ്, ക്ലബ് ഫസ്റ്റ് ലേഡി കവിത എസ് എന്നിവരോടൊപ്പം ക്ലബ് അംഗങ്ങൾ, കുടുംബാംഗങ്ങൾ, ക്ഷണിക്കപ്പെട്ട അതിഥികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# എസ്.യു.വി, എം.പി.വി മോഡലുകൾക്ക് ഓഫറുകളുമായി ഇഞ്ചിയോൺ കിയ

Incheon Kia

**കൊച്ചി:** ആകർഷകമായ ഓഫറുകളുമായി എസ്.യു.വി, എം.പി.വി മെഗാമേള അവതരിപ്പിച്ച് ഇഞ്ചിയോൺ കിയ. മാർച്ച് 19 മുതൽ 22 വരെ ഇഞ്ചിയോൺ കിയയുടെ എല്ലാ ഷോറൂമുകളിലും 2024 എസ്.യു.വി, എം.പി.വി മോഡലുകൾക്ക് പ്രത്യേക ഓഫറുകൾ ഉപഭോക്താക്കൾക്ക് ലഭിക്കും. തിരഞ്ഞെടുത്ത മോഡലുകൾക്ക് സൗജന്യ ഇൻഷുറൻസ്, 35,000 രൂപ വരെ എക്സ്ചേഞ്ച് ബോണസ്, നിശ്ചിത കിലോമീറ്ററിലേക്ക് സൗജന്യ എക്സ്റ്റൻഡഡ് വാറന്റി, ആകർഷകമായ ഫിനാൻസ് ഓപ്ഷനുകൾ സീറോ ഡൗൺ പേയ്മെന്റ്, 8.45% മുതൽ ആരംഭിക്കുന്ന പലിശ നിരക്കുകൾ തുടങ്ങി നിരവധി ഓഫറുകളാണ് വാഗ്ദാനം ചെയ്യുന്നതെന്ന് ഇഞ്ചിയോൺ കിയ അധികൃതർ വ്യക്തമാക്കി.

എറണാകുളം നെട്ടൂർ, ഇടപ്പള്ളി, ആലുവ ദേശം, തൃശൂർ വാടാനപ്പള്ളി, മരത്താക്കര, ശക്തൻ നഗർ പാലക്കാട് കണ്ണാടി, കോട്ടയം തെള്ളകം, കോടിമത, കാഞ്ഞിരപ്പള്ളി, തിരുവനന്തപുരം കഴക്കൂട്ടം, കൊല്ലം അയത്തിൽ, ആലപ്പുഴ കായംകുളം, പാതിരപ്പള്ളി എന്നിവിടങ്ങളിലെ ഇഞ്ചിയോൺ കിയയുടെ ഷോറൂമുകളിൽ ഉപഭോക്താക്കൾക്ക് നേരിട്ടെത്തി ഓഫറുകൾ പരിചയപ്പെടുകയും കുറഞ്ഞ നിരക്കിൽ കിയ മോഡലുകൾ സ്വന്തമാക്കുകയും ചെയ്യാം. ഓഫറുകൾ നിബന്ധനകൾക്ക് വിധേയം. കൂടുതൽ വിവരങ്ങൾക്കായി ഈ നമ്പറിൽ ബന്ധപ്പെടാം: 811187911

# എഐ പവേഡ് ഗാലക്സി ബുക്ക്5 സീരീസ് പി.സികൾ പുറത്തിറക്കി സാംസങ്ങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, തങ്ങളുടെ ഏറ്റവും പുതിയ എഐ പവർഡ് പിസി ലൈനപ്പായ ഗാലക്സി ബുക്ക്5 പ്രോ, ഗാലക്സി ബുക്ക്5 പ്രോ 360, ഗാലക്സി ബുക്ക്5 360 എന്നിവയുടെ ലോഞ്ച് പ്രഖ്യാപിച്ചു. പുതിയ ശ്രേണിയിലുള്ള എഐ പിസികൾ ഗാലക്സി എഐയുടെ ശക്തിയും മൈക്രോസോഫ്റ്റിന്റെ കോപൈലറ്റ്+ പിസി അനുഭവവും സംയോജിപ്പിച്ച് ഉൽപ്പാദനക്ഷമത, സർഗ്ഗാത്മകത, ബുദ്ധിപരമായി ജോലിയിൽ സുഗമത എന്നിവ ഉറപ്പാക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഗാലക്സി ബുക്ക്5 സീരീസ് ആദ്യമായാണ് എഐ സഹിതം വരുന്നത്. പുതിയ ശ്രേണിയിൽ എഐ കമ്പ്യൂട്ടിംഗിനായി ഒരു ന്യൂറൽ പ്രോസസ്സിംഗ് യൂണിറ്റ് (എൻപിയു) ഉൾപ്പെടുന്നു, കൂടാതെ എഐ സെലക്, ഫോട്ടോ റീമാസ്റ്റർ പോലുള്ള ഗാലക്സി എഐ സവിശേഷതകളും ഇതിൽ ഉൾപ്പെടുന്നു. ഗാലക്സി സ്മാർട്ട്ഫോണുകളിലെ സർക്കിൾ ടു സെർച്ച് വിത്ത് ഗൂഗിളിന് സമാനമായ ഒരു സവിശേഷതയായ എഐ സെലക്, ഒറ്റ ക്ലിക്കിലൂടെ തൽക്ഷണ തിരയലും വിവരങ്ങൾ വേർതിരിച്ചെടുക്കലും സാധ്യമാക്കുന്നു. ഗാലക്സി ബുക്ക്5 സീരീസിൽ ഇന്റൽ കോർ അൾട്രാ പ്രോസസറുകളാണ് (സീരീസ് 2) ഉൾപ്പെടുത്തിയിരിക്കുന്നത്, 47 ടിഒപിഎസ് (ടെറ ഓപ്പറേഷൻസ് പെർ സെക്കൻഡ്) വരെയുള്ള ശക്തമായ



എൻപിയുകൾ, മെച്ചപ്പെട്ട ഗ്രാഫിക്സ് പ്രകടനത്തിനായി ജിപിയുവിൽ 17 ശതമാനം വർദ്ധനവ്, സിപിയു സിംഗിൾകോർ പ്രകടനത്തിൽ 16 ശതമാനം വർദ്ധനവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഗാലക്സി ബുക്ക്5 സീരീസ് ലൈനപ്പ് വളരെ മെച്ചപ്പെട്ട ബാറ്ററി ലൈഫ് നൽകുന്നു, സൂപ്പർഫാസ്റ്റ് ചാർജിംഗിനൊപ്പം 25 മണിക്കൂർ വരെ ബാറ്ററി ലൈഫ് നൽകുന്നു. ഗാലക്സി ബുക്ക്5 പ്രോയ്ക്ക് 30 മിനിറ്റിനുള്ളിൽ 41 ശതമാനം ചാർജ് എത്താൻ കഴിയും. ഇന്ത്യയിൽ സാംസങ് എക്സ്ക്ലൂസീവ് സ്റ്റോറുകൾ പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, പ്രധാന റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ ഗാലക്സി ബുക്ക്5 സീരീസ് ലൈനപ്പ് ലഭ്യമാകും.

# വാണിജ്യ വാഹനങ്ങൾക്ക് വില വർധനവുമായി ടാറ്റ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ് തങ്ങളുടെ വാണിജ്യ വാഹനങ്ങൾക്ക് 2 ശതമാനം വരെ വില വർധനവ് പ്രഖ്യാപിച്ചു. പുതുക്കിയ നിരക്ക് 2025 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും. വാഹനങ്ങളുടെ നിർമാണച്ചിലവിലുണ്ടായിരിക്കുന്ന വർധനവ് കണക്കിലെടുത്താണ് കമ്പനിയുടെ ഈ തീരുമാനം. ടാറ്റ മോട്ടോർസിന്റെ ഓരോ മോഡലിനും വേരിയന്റിനും അനുസരിച്ച് പുതിയ നിരക്കിൽ വ്യത്യാസമുണ്ടായിരിക്കുമെന്ന് ടാറ്റ മോട്ടേഴ്സ് അധികൃതർ വ്യക്തമാക്കി.

# ഹെയർ ട്രാൻസ്പ്ലാന്റ് വിപണി 2032ൽ 141.88 ബില്യൺ ഡോളറിലെത്തും

**കൊച്ചി:** ആഗോള ഹെയർ ട്രാൻസ്പ്ലാന്റ് വിപണി 2032ഓടെ 141.88 ബില്യൺ ഡോളറായി ഉയരുമെന്ന് ഈ രംഗത്തെ വിദഗ്ദർ ചൂണ്ടിക്കാട്ടുന്നു.

വർധിച്ച അവബോധം, സാങ്കേതികവിദ്യാ മുന്നേറ്റം, വളർന്നു വരുന്ന ആവശ്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ വളർച്ച. യൂജിനിക്സ് ഹെയർ സയൻസസ് മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യയിലെ ഹെയർ ട്രാൻസ്പ്ലാന്റ് രംഗവും ഗണ്യമായ വളർച്ചയ്ക്കാണ് സാക്ഷ്യം വഹിക്കുന്നത്.

ഡോ. പ്രദീപ് സേത്തിയും ഡോ. അരിക ബൻസാലും ചേർന്നു സ്ഥാപിച്ച യൂജിനിക്സ് 16,000ത്തിൽ ഏറെ ഹെയർ ട്രാൻസ്പ്ലാന്റേഷനുകളാണ് ഈ രംഗത്ത് നേടിയിട്ടുള്ളത്. യൂജിനിക്സ് നടത്തിയ ഹെയർ ട്രാൻസ്പ്ലാന്റേഷനുകളിൽ 1800ൽ ഏറെയും 6/7 ഗ്രേഡിലുള്ള കഷണ്ടിയിലായിരുന്നു. ഫോളികുളർ യൂണിറ്റ് എക്സ്ട്രാക്ഷൻ പ്രൊസീജിയർ പോലുള്ള ആധുനീക രീതികൾ കുറഞ്ഞ തോതിലെ പ്രക്രിയകളും സ്വാഭാവിക ഭംഗി നൽകുന്ന ഫലങ്ങളും നൽകുന്നതിനാൽ കൂടുതൽ പ്രചാരത്തിലേറുകയും വിപണി വിപുലമാക്കുകയുമാണ്.

# കെസ്മാർട്ടിൽ വിവാഹ രജിസ്ട്രേഷനുകൾ 57,200 കടന്നു

**തിരുവനന്തപുരം:** കെസ്മാർട് മുഖേന ഇതുവരെ നടന്ന വിവാഹ രജിസ്ട്രേഷനുകളുടെ എണ്ണം 57,200. ഇതുവരെ ആകെ 65,805 അപേക്ഷകളാണ് വിവാഹ രജിസ്ട്രേഷനായി സമർപ്പിക്കപ്പെട്ടത്. ഇതിൽ 86.92 ശതമാനവും തീർപ്പാക്കിക്കഴിഞ്ഞു. വിവാഹ സർട്ടിഫിക്കറ്റിലെ തിരുത്തലുകൾക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ളത് ഇതുവരെ ആകെ 2591 അപേക്ഷകളാണ് ഇതിൽ 1790 അപേക്ഷകളും തീർപ്പാക്കി സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞു. ഏറ്റവും കൂടുതൽ അപേക്ഷരുണ്ടായിട്ടുള്ളത് ഗുരുവായൂർ മുനിസിപ്പാലിറ്റിയിലാണ്. ഇവിടെ സമർപ്പിക്കപ്പെട്ട ആകെ 7820 വിവാഹ രജിസ്ട്രേഷൻ അപേക്ഷകളാണ് ഇവിടെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 6850 എണ്ണം തീർപ്പാക്കി സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞു. ആകെ അപേക്ഷകളുടെ 87.59 ശതമാനമാണിത്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനു കീഴിൽ സ്വീകരിക്കപ്പെട്ട വിവാഹ രജിസ്ട്രേഷൻ അപേക്ഷകളുടെ എണ്ണം 6517 ആണ്. ഇതിൽ 5762 അപേക്ഷകൾ തീർപ്പാക്കി സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞു. ആകെ അപേക്ഷകളുടെ 88.41 ശതമാനത്തോളമാണിത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സ്വീകരിക്കപ്പെട്ട വിവാഹ രജിസ്ട്രേഷൻ അപേക്ഷകളുടെ എണ്ണം 3273 ആണ്. ഇതിൽ 2797 അപേക്ഷകൾ തീർപ്പാക്കിക്കഴിഞ്ഞു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ആകെ 4463 വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ കെസ്മാർട് മുഖേന സമർപ്പിക്കപ്പെട്ടു. ഇതിൽ 3985 എണ്ണം തീർപ്പാക്കി സർട്ടിഫിക്കറ്റുകൾ നൽകി. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ ആകെ 2749 അപേക്ഷകൾ സ്വീകരിക്കപ്പെട്ടതിൽ 2349 എണ്ണം തീർപ്പാക്കിക്കഴിഞ്ഞു. തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ആകെ 2344 വിവാര രജിസ്ട്രേഷൻ അപേക്ഷകൾ സ്വീകരിക്കപ്പെട്ടപ്പോൾ അതിൽ 1863 എണ്ണമാണ് ഇതിനോടകം തീർപ്പാക്കിക്കഴിഞ്ഞിട്ടുള്ളത്. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 1758 അപേക്ഷകൾ സ്വീകരിക്കപ്പെട്ടു. അതിൽ 1542 അപേക്ഷകളിലും സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞു. പാലക്കാട് മുനിസിപ്പാലിറ്റിയിൽ ആകെ 1331 അപേക്ഷകൾ സ്വീകരിക്കപ്പെട്ടതിൽ 1099 എണ്ണവും തീർപ്പാക്കിക്കഴിഞ്ഞു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ 1169 ഉം കോട്ടയം മുനിസിപ്പാലിറ്റിയിൽ 1132 അപേക്ഷകളും സ്വീകരിക്കപ്പെട്ടു. ഇതിൽ യഥാക്രമം 1039, 993അപേക്ഷകൾ തീർപ്പാക്കി സർട്ടിഫിക്കറ്റുകൾ നൽകിക്കഴിഞ്ഞു.

ഏറ്റവും ലളിതമായി കെസ്മാർട്ടിലൂടെ ഇപ്പോൾ വിവാഹ രജിസ്ട്രേഷൻ സാധ്യമാണ്. തദ്ദേശ സ്വയംഭരണ ഓഫീസുകളിൽ നേരിട്ട് ചെല്ലാതെ തന്നെ ദമ്പതികൾക്ക് വിവാഹ രജിസ്ട്രേഷൻ സാധ്യമാകുമെന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. വീഡിയോ കെവൈസി മുഖേന മറ്റ് നൂലാമാലകളൊന്നുമില്ലാതെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാം. വരനും വധുവും വിദേശത്ത്, ഒരേ രാജ്യത്തും വെവ്വേറെ രാജ്യത്തുള്ളതും, ഒരാൾ വിദേശത്തും ഒരാൾ നാട്ടിലുള്ളതുമെന്നുവേണ്ട ലോകത്തിന്റെ ഏതു കോണിലിരുന്നും വിവാഹങ്ങൾ ഇങ്ങനെ രജിസ്റ്റർ ചെയ്യാനാകും. രാജ്യത്ത് മറ്റെങ്ങും ഇത്തരത്തിലുള്ള സംവിധാനമില്ലെന്നതും ശ്രദ്ധേയമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും ഇൻഫർമേഷൻ കേരള മിഷൻ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുമായ സന്തോഷ് ബാബു ഐഎഎസ് പറഞ്ഞു.

# ജോൺസൺസ് ബേബിയുടെ വണ്ടർ ലാബ്സ്

**കൊച്ചി:** പ്രമുഖ ബേബി കെയർ ബ്രാൻഡായ ജോൺസൺസ് ബേബി ഇന്ത്യയിലുടനീളമുള്ള 2000ലധികം അമ്മമാർ നേരിട്ടും ഓൺലൈനായും പങ്കെടുത്ത വണ്ടർ ലാബ്സ് മെഗാ ഇവൻറ് സംഘടിപ്പിച്ചു. കുഞ്ഞിന്റെ ചർമ്മത്തിന് പിന്നിലെ ശാസ്ത്രവും ജനിച്ച് ഒന്നാം ദിവസം മുതൽ കുഞ്ഞിൻറെ ചർമ്മത്തെ സംരക്ഷിക്കാൻ സഹായിക്കുന്ന ജോൺസൺസ് ബേബിയുടെ നൂതന ഫോർമുലേഷനുകളിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളെ കുറിച്ചും മനസിലാക്കാനും അനുഭവിക്കാനും സഹായിക്കുന്ന തരത്തിലുള്ള സംവാദാത്മകവും അനുഭവേപരവുമായ പരിപാടിയായിരുന്നു വണ്ടർ ലാബ്സ്.

ജോൺസൺസ് ബേബിയിൽ എല്ലാ കാര്യങ്ങളുടെയും കേന്ദ്രം നവീനതയാണെന്നും ശാസ്ത്രം പിന്തുണയ്ക്കുന്ന ഏറ്റവും ലളിതമായ ഉത്പന്നങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യമെന്നും കെൻവ്യൂ എസൈൻഷ്യൽ ഹെൽത്ത് ആൻഡ് സ്കിൻ ഹെൽത്ത് ബിസിനസ് യൂണിറ്റ് ഹെഡും മാർക്കറ്റിംഗ് വൈസ് പ്രസിഡൻറുമായ മനോജ് ഗാഡ്ഗിൽ പറഞ്ഞു. അമ്മമാർക്ക് ഞങ്ങളുടെ ഉത്പന്നങ്ങളെ പരിചയപ്പെടാനും അവയിൽ എന്താണ് ഉള്ളത്, അവയുടെ സൂത്രവാക്യങ്ങൾ എന്താണ്, ചേരുവകളുടെ തിരഞ്ഞെടുപ്പ് എങ്ങനെ തുടങ്ങിയ കാര്യങ്ങൾ മനസിലാക്കാൻ വണ്ടർ ലാബ്സിലൂടെ സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

നടി കാജൽ അഗർവാളിന്റെ സാന്നിധ്യം പരിപാടിയെ കൂടുതൽ ആകർഷകമാക്കി. അമ്മമാരുമായി സംവദിച്ച നടി രക്ഷാകർതൃ അനുഭവങ്ങൾ, പങ്കുവെച്ചു. കാജൽ അഗർവാളിനൊപ്പം മിലന നാഗരാജ്, റിതിക തമിഴ്സെൽവി, ഗായത്രി യുവരാജ് തുടങ്ങിയ അമ്മമാരും പരിപാടിയിൽ പങ്കെടുത്തു.

